27 (*117) **പ്ലസ് ടൂ സംമ്പ്രദായം ഏർപ്പെടുത്തിയതിനുശേഷമുള്ള പുരോഗതി**

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എളമരം കരിം :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ളസ്ടൂ സംമ്പ്രദായം ഏർപ്പെടുത്തിയതിനു ശേഷം നാളിതുവരെയുള്ള പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്ലസ്ടൂ വിദ്യാഭ്യാസത്തിനാവശ്യമായ ലബോറട്ടറി ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങളും എല്ലാ പ്ലസ്ടൂ സ്കൂളുകളിലും ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്കൂളുകളിൽ പ്ലസ്ടൂ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; ഇതിൽ സർക്കാർ സ്കൂളുകൾ എത്ര; സ്വകാര്യ സ്കൂളുകൾ എത്ര;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) പുതുതായി പ്ളസ്ടൂ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(എഫ്) പ്രീഡിഗ്രി സംവിധാനം എന്നത്തേയ്ക്ക് പൂർണ്ണമായി നിർത്തലാക്കാൻ കഴിയുമെന്ന് പറയുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ&ബി) ഉണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) 526 സ്കൂളുകളിൽ ഹയർ സെക്കൻന്ററി കോഴ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 256 എണ്ണം സർക്കാർ സ്കൂളുകളും 260 എണ്ണം സ്വകാര്യ (എയിഡഡ്) സ്കൂളുകളും 12 എണ്ണം അൺ എയിഡഡ് സ്കൂളുകളുമാണ്. കൂടാതെ ഐ.എച്ച്.ആർ.ഡി.യുടെ എട്ട് സ്കൂളുകളിൽ ടെക്നിക്കൽ ഹയർ സെക്കൻന്ററി കോഴ്സും നടത്തുന്നുണ്ട്.

(ഇ) ഉണ്ട്. പുതുതായി പ്ളസ്ടൂ കോഴ്സുകൾക്ക് അപേക്ഷ സമർപ്പിക്കാൻ വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞു.

(എഫ്) 2001-മാണ്ടോടുകൂടി ഈ നടപടി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

28 (*118) **ഓട്ടോണമസ് കോളേജായി പ്രഖ്യാപിക്കാനുള്ള യു.ജി.സി. നിർദ്ദേശം**

ശ്രീ. ബി. വിജയകുമാർ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് പ്രശസ്ത നിലവാരം പുലർത്തുന്ന കോളേജുകളെ ഓട്ടോണമസ് കോളേജായി പ്രഖ്യാപിക്കാനുള്ള യു.ജി.സി നിർദ്ദേശങ്ങളിൽ ഗവൺമെന്റ് നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) യു.ജി.സി. നിയോഗിച്ച നാഷണൽ അസ്സെസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ പരിശോധനയെത്തുടർന്ന് സംസ്ഥാനത്തെ ഏതെല്ലാം കോളേജുകൾക്ക് പഞ്ചനക്ഷത്ര പദവി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) തീരുമാനം എടുത്തിട്ടില്ല.

(ബി) വിവരം ശേഖരിച്ചു വരുന്നു.

29 (*119) യു.ജി.സി. പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ശ്രീ. പി. നാരായണൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാലകളിൽ അദ്ധ്യാപകർക്ക് യു.ജു.സി. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് ഓരോ സർവ്വകലാശാലയിലും എന്നുമുതലാണ് ആരംഭിച്ചത്;

(സി) ഇതിനായി കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച സഹായം എത്ര; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) യു.ജി.സി സ്കെയിലും പദ്ധതിയും നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലം സംസ്ഥാന സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതകൾ എന്തൊക്കെയാണ്?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്. 21.12.99 ലെ ജി.ഒ (പി) 171/99/ഇവിവ നംപരായുള്ള ഉത്തരവിലെ 4.1 ഖണ്ഡിക മുതൽ 15.17 വരെയുള്ള ഖണ്ഡികയിൽ. വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(ബി) 1.1.1986 മുതൽ മുൻകാലപ്രാബല്യത്തോടെ 27.3.1990 ലെ ജി.ഒ (പി) 79/90/ഇവിവ നംപർ ഉത്തരവു പ്രകാരം യു.ജി.സി സ്കീം ആദ്യമായി സംസ്ഥാനത്ത് നടപ്പിലാക്കി.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly